ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ സംവിധാനമില്ല.

(സി) അശ്ലീല പ്രസിദ്ധീകരണങ്ങൾ നിയന്ത്രിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 292-ാം വകുപ്പ് ഭേദഗതി വരുത്തുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ട്.

കണ്ണൂർ ജില്ലയിലെ നാറാത്ത് ബോംബ് ശേഖരം കണ്ടെത്തിയ കേസിന്റെ അന്വേഷണം

18(4623) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കണ്ണൂർ ജില്ലയിലെ നാറാത്ത് എന്ന സ്ഥലത്ത് ബോംബ് ശേഖരം കണ്ടെത്തിയതുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഭീകരവാദ ഭീഷണിയുമായി ബന്ധപ്പെട്ട എന്തെങ്കിലും കാര്യങ്ങൾ പ്രസ്തുത കേസ്സിൽ അന്തർഭവിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത കേസിന്റെ അന്വേഷണം അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ നാറാത്ത് എന്ന സ്ഥലത്തുനിന്നും ബോംബുകൾ പിടിച്ചത് സംബന്ധിച്ച കേസിൽ ഇതുവരെ പ്രതികളെ തിരിച്ചറിഞ്ഞിട്ടില്ല. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിൽ ആണ്.

(ബി) ഇതുവരെ വ്യക്തമായിട്ടില്ല.

(സി) കേസിൽ ഊർജ്ജിതമായ അന്വേഷണം തുടരുകയാണ്.

പോലീസ് സേനയിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയാൻ നടപടി

19 (4624) ശ്രീ. കെ, സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് സേനയിൽ നിന്നും ജോലി ഉപേക്ഷിച്ചു പോകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായ വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇക്കാര്യത്തെക്കുറിച്ച് എന്തെങ്കിലും പഠനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) സ്വതന്ത്രമായും നിർഭയമായും പോലീസ് ഉദ്യോഗസ്ഥർക്ക് ചുമതല നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യമാണ് ഇത്തരം കൊഴിഞ്ഞുപോക്കിന് പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) അർപ്പണബോധമുള്ള ഒരു പ്രൊഫഷണൽ സേനയായി പോലീസിനെ മാറ്റാനും നിരവധി ഒഴിവുള്ള ഈ രംഗത്തേക്ക് കഴിവുള്ള ഉദ്യോഗാർത്ഥികളെ ആകർഷിക്കാനും എന്തൊക്കെ പരിഷ്കാരങ്ങൾ പോലീസ് സേനയിൽ വരുത്താനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇല്ല. എന്നാൽ പൊലീസ് സേനയിലുണ്ടായിരുന്നവരിൽ ചിലർ മറ്റു ഡിപ്പാർട്ടുമെന്റുകളിൽ നിയമനം ലഭിച്ചപ്പോൾ ഈ ഡിപ്പാർട്ടുമെന്റിൽ നിന്നും മാറി പോയിട്ടുണ്ട്.

(ബി&സി) ഇല്ല.

(ഡി) കഴിവുറ്റ പോലീസ് സേനാംഗങ്ങളെ നേടിയെടുക്കുന്നതിലേക്കായി സമയബന്ധിത പ്രമോഷൻ, സമയബന്ധിത ഗ്രേഡ്, ഡ്യൂട്ടി സമയം 8 മണിക്കൂറാക്കുന്നതിനുള്ള നടപടിക്രമം, വിവാഹിതരായ 3 വർഷം സർവ്വീസായ വനിതാ പോലീസുകാർക്ക് ഇഷ്ടപ്പെട്ട ജില്ലയിലേക്ക് സ്ഥലംമാറ്റം തുടങ്ങിയ ക്ഷേമപദ്ധതികളും, പോലീസ് പൊതുജനബന്ധം കൂടുതൽ മെച്ചപ്പെടുത്തി പോലീസിനെ ജനങ്ങൾക്ക് അറിയുന്നതിലേക്കായി കമ്മ്യൂണിറ്റി പോലീസിംഗ് പദ്ധതിയും, അർപ്പണബോധമുള്ള പ്രൊഫഷണൽ സേനയായി മാറ്റുന്നതിലേക്കായി ട്രെയിനിംഗും, തുടർന്നുള്ള inservice course നും കാലാനുസൃതമായ വിഷയങ്ങൾ ഉൾപ്പെടുത്തിയും മറ്റും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

തിരുവനന്തപുരം പേട്ട റെയിൽവേ സ്റ്റേഷനിൽ പ്രീ പെയ്ഡ് ഓട്ടോറിക്ഷാ കൗണ്ടർ സ്ഥാപിക്കാൻ നടപടി

20 (4626) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ പെയ്ഡ് ഓട്ടോ റിക്ഷാ കൗണ്ടർ സ്ഥാപിക്കുന്നതിന്റെ മാനദണ്ഡങ്ങളെക്കുറിച്ച് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര പ്രീ പെയ്ഡ് ഓട്ടോ റിക്ഷാ കൗണ്ടറുകൾ പ്രവർത്തിക്കുന്നുവെന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly